# മഹാത്മാഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2021 ഓഗസ്റ്റ് 6

# വാർത്താക്കുറിപ്പ്

## പ്രാക്ടിക്കൽ

2021 ജൂലൈയിൽ നടന്ന മൂന്നാം പ്രൊഫഷണൽ എം.ബി.ബി.എസ്. പാർട്ട് 1 (2009 അഡ്മിഷൻ) സ്പെഷൽ മേഴ്സി ചാൻസ് പരീക്ഷയുടെ പ്രാക്ടിക്കൽ ഓഗസ്റ്റ് 11ന് നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ് സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/742/2021)

## പരീക്ഷഫലം

2020 നവംബറിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എ. സംസ്കൃതം സ്പെഷ്യൽസ് (ന്യായ, വേദാന്ത. വ്യാകരണ, സാഹിത്യ) പി.ജി.സി.എസ്.എസ്. റഗുലർ/സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓഗസ്റ്റ് 24 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/743/2021)

2020 നവംബറിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എ. സോഷ്യോളജി പി.ജി.സി.എസ്.എസ്. സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയം സൂക്ഷ്മപരിശോധന എന്നിവ നടത്താൻ താല്പര്യമുള്ള 2012 അഡ്മിഷൻ മുതലുള്ള അപേക്ഷകർ ഓഗസ്റ്റ് 24ന് മുമ്പ് ഓൺലൈനായി അപേക്ഷിക്കണം.

(പി.ആർ.ഒ/39/744/2021)

2021 ജനവരിയിൽ ഡോ. കെ.എൻ. രാജ് സ്റ്റഡി സെന്റർ ഫോർ പ്ലാനിംഗ് ആന്റ് സെന്റർ - സ്റ്റേറ്റ് ഫിനാൻഷ്യൽ റിലേഷൻസിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എ. ഇക്കണോമിക്സ് (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/745/2021)

## ഹാൾടിക്കറ്റ്

മഹാത്മാഗാന്ധി സർവകലാശാലയിലെ വിവിധ പഠനവകുപ്പുകളിലും ഇന്റർ സ്കൂൾ സെന്ററിലും നടത്തുന്ന വിവിധ എം.എ., എം.എസ് സി., എം.റ്റി.റ്റി.എം., എൽ.എൽ.എം., മാസ്റ്റർ ഓഫ് ഫിസിക്കൽ എജ്യൂക്കേഷൻ ആന്റ് സ്പോർട്സ്, എം.എഡ്., എം.ടെക്, ബി.ബി.എ. എൽ.എൽ.ബി. എന്നീ പ്രോഗ്രാമുകളിലേക്ക് 2021-22 അക്കാദമിക വർഷ പ്രവേശനത്തിനായി തിരുവനന്തപുരം, കോട്ടയം, എറണാകുളം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ ഓഗസ്റ്റ് 12, 13 തീയതികളിൽ നടക്കുന്ന പരീക്ഷയുടെ (ക്യാറ്റ് - 2021) ഹാൾടിക്കറ്റ് www.cat.mgu.ac.in എന്ന വെബ് സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാം. വിശദവിവരത്തിന് ഫോൺ: 0481-2733595. ഇമെയിൽ: cat@mgu.ac.in

(പി.ആർ.ഒ/39/746/2021)

## ദേശീയ സെമിനാർ 10 മുതൽ

യു.ജി.സി. സ്കീം ഫോർ ട്രാൻസ്-ഡിസിപ്ലിനറി റിസർച്ച് ഫോർ ഇന്ത്യാസ് ഡവലപിംഗ് ഇക്കോണമി (എസ്.റ്റി.ആർ.ഐ.ഡി.ഇ.) പദ്ധതിക്ക് കീഴിൽ മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസ് സംഘടിപ്പിക്കുന്ന ആദിവാസിമേഖലയിലെ

പരിപാടിയിൽ പരമാവധി 30 പേർക്കാണ് പ്രവേശനം അനുവദിക്കുക. ഓൺലൈനായി നടത്തുന്ന സെമിനാറിൽ പങ്കെടുക്കുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകും. താല്പര്യമുള്ളവർ https://forms.gle/kdJAThWCTko39xeq8 എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യണം. ഫാക്കൽറ്റി അംഗങ്ങൾക്ക് 500 രൂപയാണ് രജിസ്ട്രേഷൻ ഫീസ്. റിസർച്ച് സ്കോളർമാർക്ക് രജിസ്ട്രേഷൻ ഫീസ് ഇല്ല. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഓഗസ്റ്റ് എട്ട്. കൂടുതൽ വിവരങ്ങൾ 9847820197, 9496477970 എന്നീ ഫോൺ നമ്പരുകളിലും stride@mgu.ac.in എന്ന ഇ-മെയിൽ വിലാസത്തിലും ലഭിക്കും.

ആദിവാസി-തദ്ദേശീയ മേഖലയിലെ ഗവേഷണ പ്രവർത്തനങ്ങളുടെ തത്വശാസ്ത്രപരവും സൈദ്ധാന്തികവുമായ തലങ്ങളെക്കുറിച്ചും അതുമായി ബന്ധപ്പെട്ട വിവരശേഖരണം, വിശകലനം, വ്യാഖ്യാനം തുടങ്ങിയവയെ സംബന്ധിച്ചും ഗവേഷകർക്കും അധ്യാപകർക്കും ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കാനും സെമിനാർ ലക്ഷ്യമിടുന്നു.

(പി.ആർ.ഒ/39/747/2021)

## സെനറ്റ് യോഗം

മഹാത്മാഗാന്ധി സർവകലാശാല സെനറ്റിന്റെ യോഗം സെപ്റ്റംബർ 23ന് രാവിലെ 10ന് സർവകലാശാല സെനറ്റ് ഹാളിൽ നടക്കും. യോഗത്തിൽ പ്രമേയം അവതരിപ്പിക്കുന്നതിന് താല്പര്യമുള്ളവർ ഓഗസ്റ്റ് 25ന് മുമ്പായും ചോദ്യങ്ങൾ ചോദിക്കുന്നതിന് താല്പര്യമുള്ള അംഗങ്ങൾ ഓഗസ്റ്റ് 23ന് മുമ്പായും പ്രത്യേകം പേപ്പറുകളിൽ തയാറാക്കി രജിസ്ട്രാർക്ക് നൽകണം.

(പി.ആർ.ഒ/39/748/2021)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ